## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1828** **17.12.2012-ൽ മറുപടിക്ക്**

### പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിലെ നിയമനങ്ങളിൽ സംവരണതത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യ മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പിന്റെ പരിധിയിൽ നിലവിൽ 89 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണതത്വം പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി ഓരോ ത്രൈമാസക്കാല യളവിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവലോകന റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ട്. പ്രസ്തുത റിപ്പോർട്ട് ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവയുടെ ഭരണനിയന്ത്രണമുള്ള ഭരണ വകുപ്പുകൾക്കും അയച്ചുകൊടുത്ത് പ്രാതിനിധ്യക്കുറവുള്ള സ്ഥാപനങ്ങളിൽ അത് പരിഹരിക്കണമെന്ന കർശന നിർദ്ദേശം നൽകി വരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ സംവരണം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള ഉന്നതാധികാര സമിതി യോഗം വിളിച്ചു ചേർക്കുന്നതിനായി സ്ഥിതിവിവര കണക്ക് ശേഖരിച്ചു വരുന്നു. സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയെ സംബന്ധിക്കുന്ന വിഷയങ്ങൾ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവയിലെ നിയമനങ്ങളിൽ സംവരണതത്വം |

പാലിക്കുന്നു എന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള സംവിധാനത്തിലെ പോരായ്മകൾ തീർക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിലുള്ള സംവിധാനത്തിന് പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇവ പരിശോധിക്കുന്നതിന് ജനപ്രതിനിധികളടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇവ എത്ര പ്രാവശ്യം ഈ വർഷം യോഗം ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലെ സംവരണതത്വം പരിശോധിക്കുന്നതിന് ജനപ്രതിനിധികളടങ്ങുന്ന ഒരു ഉന്നതാധികാര സമിതി നിലവിലുണ്ട്. ഈ വർഷം പ്രസ്തുത സമിതിയുടെ യോഗം വിളിച്ചു ചേർത്തിട്ടില്ല. പ്രസ്തുത യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | യൂണിവേഴ്സിറ്റി നിയമനങ്ങൾ പി. എസ്. സി. ക്ക് വിടുന്നതിന് തീരുമാനമെടുക്കുമോ ? | (ഡി) | യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ